# അൽമനാർ ഹജ്ജ്സെൽ

**മർകസുദ്ദഅ്‌വ, ആർ എം റോഡ്, കണ്ടംകുളം, കോഴിക്കോട് – 673002,**
**ഫോൺ: 0495 2704664 മൊബൈൽ : 9895123624 അംഗീകൃത മെമ്പർ AIHUTOA No.346**

മാന്യരെ, السلام عليكم

ഈ വർഷത്തെ വിശുദ്ധ ഹജ്ജ് കർമത്തിനുള്ള ബുക്കിംഗ് ആരംഭിച്ചിരിക്കുകയാണ്. നമ്മുടെ പരിസര പ്രദേശങ്ങളിൽ നിന്നും ഹജ്ജിനു പോകാൻ ആഗ്രഹിക്കുന്നവരെ മുൻവർഷങ്ങളിലെപ്പോലെ അൽമനാർ ഹജ്ജ് സെല്ലുമായി ബന്ധപ്പെടുത്താൻ വേണ്ടത് ചെയ്യുമല്ലോ.

ഹറം വിപുലീകരണത്തിന്റെ ഭാഗമായി നിരവധി കെട്ടിടങ്ങൾ പൊളിച്ചു മാറ്റുന്നതിനാൽ ബിൽഡിംഗ് വാടകയിൽ ഗണ്യമായ വർധനവാണ് ഈ വർഷവും ഉണ്ടാകുന്നത്. പാക്കേജ് സംവിധാനത്തിൽ ഹജ്ജ് സംഘത്തെ നയിക്കുന്ന അക്ബർ ട്രാവൽസ്, അൽഹിന്ദ് പോലെയുള്ള ഗ്രൂപ്പുകൾ 2,10,000/- രൂപയാണ് ഹജ്ജിനായി പ്രഖ്യാപിച്ചിട്ടുള്ളത്. എന്നാൽ പുറമെ നിന്നും തസ്‌രീഹ് വാങ്ങുന്നതോടൊപ്പം തന്നെ പാക്കേജ് സംവിധാനത്തിലല്ലാതെ ഗ്രൂപ്പു നടത്തുന്ന നമ്മൾ ഇത്തവണ 2,25,000/- രൂപയാണ് ഹജ്ജിനായി പ്രഖ്യാപിച്ചിട്ടുള്ളത്. ഇന്ത്യൻ രൂപയുടെ മൂല്യത്തിൽ വർധനവുണ്ടാവുകയോ അതല്ലെങ്കിൽ നാം പ്രതീക്ഷിച്ചതിലും ചെലവു കുറയുകയോ ആണെങ്കിൽ ബാക്കി വരുന്ന തുക ഹാജിമാർക്ക് തിരിച്ചു നല്കുന്നതാണ്. വിശദമായ പ്രോസ്പക്ടസും അപ്ലിക്കേഷൻ ഫോമും ഇതോടൊന്നിച്ച് വെക്കുന്നുണ്ട്.

## ഹജ്ജ്

- 33 മുതൽ 40 ദിവസമാണ് യാത്രയുടെ സമയപരിധി.
  (വിമാന ടിക്കറ്റിന്റെ ലഭ്യതക്കനുസരിച്ച് ദിവസങ്ങളിൽ ചെറിയ മാറ്റം പ്രതീക്ഷിക്കേണ്ടതാണ്)
- മക്കയിൽ മസ്ജിദുൽ ഹറമിനടുത്ത് താമസ സൗകര്യം.
- ഒരു നമസ്കാരത്തിന് ഒരു ലക്ഷം നമസ്കാരത്തിന്റെ പ്രതിഫലം ലഭിക്കുന്ന മക്കയിലെ പരിശുദ്ധ ഹറമിൽ ഹാജിമാർക്ക് മുഴുദിവസവും ആ സൗകര്യം ലഭ്യമാക്കണമെന്ന നിർബന്ധമുള്ളതുകൊണ്ടാണ് അൽമനാർ 'പാക്കേജ്' സംവിധാനം ഒഴിവാക്കി സേവനം ചെയ്യുന്നത്.
  പാക്കേജ് സംവിധാനമാണെങ്കിൽ പണത്തിൽ അല്പം കുറവ് ലഭിക്കുമെങ്കിലും നമുക്ക് താങ്ങാൻ കഴിയാത്ത കാലാവസ്ഥയുള്ള മദീനയിൽ 8 മുതൽ 10 ദിവസവും ശേഷം ഹറമിൽ പോലും എത്തിപ്പെടാൻ കഴിയാത്ത അസീസിയ പോലുള്ള സ്ഥലത്ത് പതിനഞ്ച് ദിവസം വരേയും താമസിക്കേണ്ടി വരുന്നു. കെട്ടിടങ്ങൾ മാറിമാറി താമസിക്കേണ്ടി വരികയും ചെയ്യും.
- അൽമനാർ ഹാജിമാർക്ക് മക്കയിൽ എത്തിയതു മുതൽ തിരിച്ചു പോരുന്നതുവരേയും ഒരേ കെട്ടിടത്തിലാണ് താമസസൗകര്യം ലഭ്യമാക്കുന്നത്.
- മദീനാ താമസം മൂന്നു മുതൽ നാല് കൂടിയ ദിവസം മാത്രമായിരിക്കും.
- യാത്ര പുറപ്പെടൽ (കോഴിക്കോട് / കൊച്ചി) വിമാന ടിക്കറ്റിന്റെ ലഭ്യതക്കനുസരിച്ചായിരിക്കും.
- **പൂരിപ്പിച്ച ഫോറവും അഡ്വാൻസ് സംഖ്യയും ഓഫീസിൽ നല്കിയാൽ മാത്രമേ രജിസ്ട്രേഷനായി പരിഗണിക്കുകയുള്ള**

### പണം അടക്കേണ്ടത്

- പണം മൂന്ന് ഗഡുക്കളായി അടക്കേണ്ടതാണ്.
- ഓരോ ഗഡുവും അതാത് സമയത്ത് ഓഫീസിൽ നിന്ന് അറിയിക്കുന്നതാണ്.
- അഡ്വാൻസ് 50,000 രൂപ.
- ചെക്ക് നല്കുന്നവർ കളക്ഷൻ ചാർജ് കൂടി നല്കേണ്ടതാണ്. DD നല്കുന്നവർ കോഴിക്കോട് നിന്നും മാറാവുന്ന DD അൽമനാർ ഹജ്ജ് സെൽ കോഴിക്കോട് എന്ന പേരിലാണ് എടുക്കേണ്ടത്.

**ഇന്ത്യ/സൗദി ഗവൺമെന്റിന്റെയോ അല്ലെങ്കിൽ വിമാനക്കമ്പനികളുടെയോ പരിഷ്കരണം കൊണ്ടോ മുത്വവിഫ്, തസ്‌രി, ടിക്കറ്റ് എന്നീ യാത്രയുമായി ബന്ധപ്പെട്ട കാര്യങ്ങളിലോ എന്തെങ്കിലും അധിക ചെലവു വരികയാണെങ്കിൽ പ്രസ്തുത തുക ഹാജിമാർ നിർബന്ധമായും അടക്കേണ്ടതാണ്.**

### അപേക്ഷയോടൊപ്പം ഓഫീസിൽ ഹാജരാക്കേണ്ട രേഖകൾ

1. **ഒറിജിനൽ പാസ്പോർട്ട്**
   (പാസ്പോർട്ടിന് അപേക്ഷിച്ചിട്ടില്ലാത്തവർ ഉടൻതന്നെ അപേക്ഷ നല്കുക. പാസ്പോർട്ടെടുക്കുന്നതിന് ആവശ്യമായ സൗകര്യങ്ങൾ ആവശ്യമുള്ളവർക്ക് ഓഫീസിൽ നിന്നും ചെയ്തുതരുന്നതാണ്)

   NB: **യാത്ര പുറപ്പെടുന്ന മാസം മുതൽ ആറു മാസത്തെ കാലാവധി പാസ്പോർട്ടിന് ഉണ്ടായിരിക്കേണ്ടതാണ്. അപേക്ഷയോടൊപ്പം പാസ്പോർട്ട് നല്കാത്തവർ സപ്തംബർ 1 ന് മുമ്പായി ഒറിജിനൽ പാസ്പോർട്ട് ഓഫീസിലെത്തിക്കേണ്ടതാണ്.**

(മറുപുറം)

2. **ഫോട്ടോ.**

- 4 എണ്ണം പാസ്പോർട്ട് സൈസ് (ബാക്ക് ഗ്രൗണ്ട് കളർ ഏതായാലും മതി)
- 8 എണ്ണം 6 x 4 cm സൈസ് (പ്രസ്തുത ഫോട്ടോ തികഞ്ഞ വെള്ള ബാക്ക്ഗ്രൗണ്ടിൽ കളർ ഫോട്ടോ ആയിരിക്കണം. അഥവാ സൗദി വിസക്കുള്ളത്)

3. **50,000 രൂപ അഡ്വാൻസ്.**

**NB: സ്വന്തമായി ഉംറ, ഹജ്ജ് കർമങ്ങൾ നിർവഹിക്കാൻ ശാരീരിക പ്രയാസമുള്ളവരുടെ ഉത്തരവാദിത്വം ഏറ്റെടുക്കാൻ പറ്റുന്ന ബന്ധുക്കൾ കൂടെ ഇല്ലാത്തപക്ഷം അപേക്ഷ സ്വീകരിക്കുന്നതല്ല.**

**മുൻ വർഷങ്ങളിലും ഈ കാര്യം സൂചിപ്പിച്ചിരുന്നുവെങ്കിലും സ്വന്തമായി ഹജ്ജ്/ഉംറ ചെയ്യാൻ സാധിക്കാത്ത ബന്ധുക്കൾ കൂടെയില്ലാത്തവരുടെ അപേക്ഷകൾ വരികയും നിർബന്ധിത സാഹചര്യത്തിൽ നിരസിക്കാൻ സാധിക്കാതെ രജിസ്ട്രേഷൻ ചെയ്യുകയും ചെയ്തിരുന്നു. ഇത്തവണ ഇത്തരത്തിലുള്ള അപേക്ഷകൾ കർശനമായി നിരസിക്കുന്നതാണ്. റജിസ്ട്രേഷൻ ചെയ്തതിനു ശേഷം നിരസിക്കുന്നതിനേക്കാൾ നല്ലത് അതിനു മുമ്പു തന്നെ നിരസിക്കുന്നതാണല്ലോ. ഈ കാര്യം പ്രത്യേകം ശ്രദ്ധിക്കാനപേക്ഷ**

## വെക്കേഷൻ ഉംറ

**ലഭിക്കുന്ന സൗകര്യങ്ങൾ**

1. യാത്ര, മക്ക മദീന താമസം, മക്ക മദീന ഭക്ഷണം
2. മക്കയിലെയും മദീനയിലെയും ചരിത്രപ്രധാനമായ സ്ഥല സന്ദർശനങ്ങൾ
3. ഉംറയെക്കുറിച്ച് പഠിക്കാൻ ക്ലാസ്സ്, സി. ഡി, പുസ്തകങ്ങൾ എന്നിവ നല്കുന്നു.
4. ഉംറ വേളയിൽ പരിചയസമ്പന്നരായ വളണ്ടിയർമാരുടെ സേവനം.
5. യാത്ര പുറപ്പെടൽ (കോഴിക്കോട്/കൊച്ചി) വിമാന ടിക്കറ്റിന്റെ ലഭ്യതയനുസരിച്ചായിരിക്കും.
6. 15 മുതൽ 17 കൂടിയ ദിവസത്തെ പാക്കേജ്
(വിമാന ടിക്കറ്റിന്റെ ലഭ്യതക്കനുസരിച്ച് ദിവസങ്ങളിൽ ചെറിയ മാറ്റം പ്രതീക്ഷിക്കേണ്ടതാണ്)

**രജിസ്ട്രേഷൻ**

| | | |
|---|---|---|
| രജിസ്ട്രേഷൻ | - | 55, 000 രൂപ |
| അഡ്വാൻസ് | - | 20, 000 രൂപ |

- അഡ്വാൻസ് കഴിച്ച് ബാക്കി തുക യാത്രയ്ക്ക് മുമ്പായി ഓഫീസിൽ അടക്കേണ്ടതാണ്.
- ചെക്ക് നല്കുന്നവർ കലക്ഷൻ ചാർജ് ഉൾപ്പെടെ നല്കേണ്ടതാണ്.
- ഡി ഡി നല്കുന്നവർ അൽമനാർ ഹജ്ജ് സെൽ എന്ന പേരിൽ കോഴിക്കോട് നിന്ന് മാറാവുന്ന ഡി ഡി യാണ് എടുക്കേണ്ടത്.

NB: ഇന്ത്യാഗവൺമെന്റിന്റെയോ സൗദി ഗവൺമെന്റിന്റെയോ നിയമപരിഷ്കരണം കൊണ്ടോ എയർലൈൻസുകളുടെ ടിക്കറ്റ് വർധനവ് മൂലമോ യാത്രയുമായി ബന്ധപ്പെട്ട് എന്തെങ്കിലും അധിക ചെലവ് വരികയാണെങ്കിൽ പ്രസ്തുത തുക അപേക്ഷകർ അടക്കേണ്ടതാണ്.

**അപേക്ഷയോടൊപ്പം നല്കേണ്ടവ**

1. **ഒറിജിനൽ പാസ്പോർട്ട്**
(പാസ്പോർട്ട് ഇല്ലാത്തവർക്ക് പാസ്പോർട്ട് എടുക്കുന്നതിനാവശ്യമായ സൗകര്യം ഓഫീസിൽ നിന്ന് ചെയ്തു തരുന്നതാണ്)
യാത്ര ഉദ്ദേശിക്കുന്ന ദിവസത്തിന്റെ ചുരുങ്ങിയത് ഒരു മാസം മുമ്പ് പാസ്പോർട്ട് ഓഫീസിലെത്തിക്കേണ്ടതാണ്.
2. **6 കോപ്പി ഫോട്ടോ**
(6 x 4 cm കളർ ഫോട്ടോ തികഞ്ഞ വെള്ള ബാക്ക് ഗ്രൗണ്ടിൽ അഥവാ സൗദി വിസക്കുള്ളത്)
3. **അഡ്വാൻസ് 20,000 രൂപ**

സഹകരണം പ്രതീക്ഷിക്കുന്നു.

അല്ലാഹു അനുഗ്രഹിക്കട്ടെ. പ്രാർഥനയോടെ,

**കൺവീനർ**
അൽമനാർ ഹജ്ജ് സെൽ,
കോഴിക്കോട്.